**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 363** **27-01-2026 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല മണ്ഡലത്തിലെ ലൈഫ് ഭവന പദ്ധതി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ സി കെ ഹരീന്ദ്രൻ</td><td colspan="2">ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>ലൈഫ് ഭവന പദ്ധതി ആരംഭിച്ചത് മുതൽ ഇതുവരെ പാറശ്ശാല മണ്ഡലത്തിൽ ആകെ എത്ര ഗുണഭോക്താക്കളെയാണ് തിരഞ്ഞെടുത്തതെന്ന് വ്യക്തമാക്കാമോ;</td><td>(എ)</td><td>ലൈഫ് ഭവനപദ്ധതി ആരംഭിച്ചതു മുതൽ 20.01.2026വരെ പാറശ്ശാല നിയോജക മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഭൂരഹിത ഭവന രഹിതരായി 2,552 ഗുണഭോക്താക്കളെയും, ഭൂമിയുള്ള ഭവനരഹിതരായി 12,913 ഗുണഭോക്താക്കളെയുമുൾപ്പെടെ ആകെ 15,465 ഗുണഭോക്താക്കളെയാണ് അർഹരായി തെരഞ്ഞെടുത്തിട്ടുള്ളത്.</td></tr>
<tr><td>(ബി)</td><td>പ്രസ്തുത മണ്ഡലത്തിൽ ഇതുവരെ എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി താക്കോൽ കൈമാറിയിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;</td><td>(ബി)</td><td>20.01.2026 വരെ 5,206 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. തദ്ദേശസ്ഥാപനം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.
<table>
<tr><th>തദ്ദേശ സ്ഥാപനം</th><th>പൂർത്തീകരിച്ച വീടുകളുടെ എണ്ണം</th></tr>
<tr><td>അമ്പൂരി</td><td>475</td></tr>
<tr><td>ആര്യങ്കോട്</td><td>475</td></tr>
<tr><td>കള്ളിക്കാട്</td><td>227</td></tr>
<tr><td>കൊല്ലയിൽ</td><td>554</td></tr>
<tr><td>കുന്നത്തുകാൽ</td><td>773</td></tr>
<tr><td>ഒറ്റശ്ശേഖരമംഗലം</td><td>508</td></tr>
<tr><td>പാറശ്ശാല</td><td>856</td></tr>
<tr><td>പെരുങ്കടവിള</td><td>437</td></tr>
<tr><td>വെള്ളറട</td><td>901</td></tr>
<tr><td>ആകെ</td><td>5206</td></tr>
</table>
</td></tr>
<tr><td>(സി)</td><td>നിലവിൽ എത്ര വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നുവെന്നും നിർമ്മാണം തടസ്സപ്പെട്ട വീടുകൾ ഉണ്ടെങ്കിൽ അവ</td><td>(സി)</td><td>നിലവിൽ 1,302 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. തദ്ദേശസ്ഥാപനം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.</td></tr>
</table>

<table>
<tr><td></td><td>പൂർത്തിയാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്നും വ്യക്തമാക്കാമോ;</td><td></td><td>
<table>
<tr><td>തദ്ദേശ സ്ഥാപനം</td><td>നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്ന വീടുകളുടെ എണ്ണം</td></tr>
<tr><td>അമ്പൂരി</td><td>96</td></tr>
<tr><td>ആര്യങ്കോട്</td><td>126</td></tr>
<tr><td>കള്ളിക്കാട്</td><td>39</td></tr>
<tr><td>കൊല്ലയിൽ</td><td>110</td></tr>
<tr><td>കുന്നത്തുകാൽ</td><td>220</td></tr>
<tr><td>ഒറ്റശ്ശേഖരമംഗലം</td><td>401</td></tr>
<tr><td>പാറശ്ശാല</td><td>36</td></tr>
<tr><td>പെരുങ്കടവിള</td><td>81</td></tr>
<tr><td>വെള്ളറട</td><td>193</td></tr>
<tr><td>ആകെ</td><td>1302</td></tr>
</table>
നിർമ്മാണ പുരോഗതിയിലുള്ള വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിന് 1100 കോടി രൂപയും കരാറിലേർപ്പെടാൻ അവശേ ഷിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ ഉണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിന് 400 കോടി രൂപയും ഉൾപ്പെടെ 1500 കോടി രൂപ ഹഡ്കോയിൽ നിന്നും കെ.യു.ആർ.ഡി.എഫ്.സി മുഖേന വായ്പയെടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.
</td></tr>
<tr><td>(ഡി)</td><td>ഭൂമിയില്ലാത്ത ഭവനരഹിതർക്കായി പാറശ്ശാല മണ്ഡലത്തിൽ പുതിയതായി ലൈഫ് ഭവന സമുച്ചയങ്ങൾ (ലൈഫ് ടവേർസ്) നിർമ്മിക്കാൻ പദ്ധതിയുണ്ടോ എന്ന് വ്യക്തമാക്കാമോ?</td><td>(ഡി)</td><td>പാറശ്ശാല മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ലൈഫ് മിഷൻ മുഖേന ഭവന സമുച്ചയം നിർമ്മിക്കുന്നതിന് നിലവിൽ പദ്ധതിക ളൊന്നും ഏറ്റെടുത്തിട്ടില്ല.</td></tr>
</table>

സെക്ഷൻ ഓഫീസർ